## പാഠം 35

# യേശു വീണ്ടും വരും

**പാഠോദ്ദേശ്യം** : വേഗം വരുന്ന കർത്താവിനെ എതിരേൽക്കുവാൻ കാത്തിരിക്കുക

**പാഠഭാഗം** : 1 തെസ്സലൊനീക്യർ 4:14-17

**മനഃപാഠം** : 1 തെസ്സ. 4:16

'കർത്താവ് താൻ ഗംഭീരനാദത്തോടും പ്രധാന ദൂതന്റെ ശബ്ദത്തോടും ദൈവത്തിന്റെ കാഹളത്തോടുംകൂടെ സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങിവരികയും ക്രിസ്തുവിൽ മരിച്ചവർ മുമ്പെ ഉയിർത്തെഴുന്നേൽക്കുകയും ചെയ്യും.'

**പാഠം**

കർത്താവ് താൻ ഗംഭീരനാദത്തോടും പ്രധാന ദൂതന്റെ ശബ്ദത്തോടും ദൈവത്തിന്റെ കാഹളത്തോടും സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങിവരും

യേശു ഉയിർത്തെഴുന്നേറ്റശേഷം നാല്പതാം ദിവസം യേശു ശിഷ്യന്മാരെ വിളിച്ചുകൊണ്ട് ഒലിവ് മലയുടെ മുകളിൽ ചെന്നു, അവരെ അനുഗ്രഹിച്ച് ആശ്വാസവാക്കുകൾ പറഞ്ഞു. അവർ പരിശുദ്ധാത്മശക്തി പ്രാപിച്ച് തന്റെ സാക്ഷികൾ ആകും എന്ന വാഗ്ദത്തവും നൽകി. അതിനുശേഷം യേശു കാൺകെ സ്വർഗ്ഗത്തിലേക്ക് ആരോഹണം ചെയ്തു. ഒരു മേഘം അവനെ മൂടി. അവരുടെ കാഴ്ച മറഞ്ഞു. ശിഷ്യന്മാർ ആകാശത്തിലേക്ക് നോക്കി നിൽക്കുമ്പോൾ രണ്ട് ദൈവദൂതന്മാർ വന്ന് അവരോട് സ്വർഗ്ഗത്തിലേക്ക് പോകുന്ന



## Lesson 35

# JESUS WILL COME AGAIN

**Learning Objectives** : Prepare to meet the Lord who will come soon

**Passage for Study** : I Thess. 4:14-17

**Memory Verse** : I Thess. 4:16 –

For the Lord himself will come down from heaven, with a loud command, with the voice of the archangel and with the trumpet call of God

**Lesson**

After the resurrection of Jesus, he took the disciples up the Mount of Olives. He blessed them and spoke words of comfort to them. He gave them the promise that they would receive the power of the Holy Spiirit. After that, Jesus ascended up to heaven before their very eyes. A cloud covered him. While the disciples continued to look to the sky, two angels appeared and said to them, "This Jesus that you saw ascending up to heaven will come back in the same manner."

**The Promise of Jesus**

The day before His crucifixion, Jesus told his disciples, "I am going to prepare a place for you. And if I go and prepare

വനായി അവർ കണ്ട യേശു അതുപോലെ വീണ്ടും വരുമെന്ന് പറഞ്ഞു. ശിഷ്യന്മാർ യെരുശലേമിലേക്ക് മടങ്ങിപ്പോയി.

**യേശുവിന്റെ വാഗ്ദത്തം**

യേശു തന്റെ ക്രൂശുമരണത്തിന്റെ തലേരാത്രിയിൽ ശിഷ്യന്മാരോട് ഇപ്രകാരം പറഞ്ഞു ഞാൻ നിങ്ങൾക്ക് സ്ഥലം ഒരുക്കുവാൻ പോകുന്നു. ഞാൻ പോയി നിങ്ങൾക്ക് സ്ഥലം ഒരുക്കിയാൽ ഞാൻ ഇരിക്കുന്ന ഇടത്ത് നിങ്ങളും ഇരിക്കേണ്ടതിനു പിന്നെയും വന്ന് നിങ്ങളെ എന്റെ അടുക്കൽ ചേർത്തുകൊള്ളും. അതിനുമുമ്പ് പല പ്രാവശ്യം യേശു തന്റെ മടങ്ങിവരവിനെക്കുറിച്ച് ശിഷ്യന്മാരെ പഠിപ്പിച്ചിട്ടുണ്ട്. യേശുക്രിസ്തു രാജാവായി മടങ്ങിവരും. താൻ മനുഷ്യർക്ക് വേണ്ടി സമ്പാദിച്ച രക്ഷ അഥവാ വീണ്ടെടുപ്പ് പൂർത്തിയാകുന്നത് അപ്പോഴാണ്.



കർത്താവ് സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങിവരും. അപ്പോൾ കർത്താവിൽ മരിച്ച വിശുദ്ധന്മാർ ഉയർത്തെഴുന്നേൽക്കും. ജീവനോടുകൂടെ ഇരിക്കുന്നവർ രൂപാന്തരപ്പെട്ട് തേജസ്സുള്ളവരായി തീരുകയും ഉയിർത്തെഴുന്നേറ്റവരോടുകൂടി മേഘങ്ങളിൽ സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെടുകയും ചെയ്യും. അങ്ങനെ നാം എപ്പോഴും കർത്താവിനോടുകൂടെ ഇരിക്കും. യേശുവിന്റെ വരവിനുവേണ്ടി നമുക്ക് ഒരുങ്ങി വിശുദ്ധിയോടെ കാത്തിരിക്കാം


ചോദ്യങ്ങൾ

1. യേശുവിന്റെ വാഗ്ദത്തം എന്ത്?
2. യേശുവിന്റെ മടങ്ങിവരവിൽ എന്തെല്ലാം സംഭവിക്കും?

a place for you, I will come back and take you to be with me that you also may be where I am." Jesus had briefed his disciples on many occasions about his second coming. Jesus Christ will come again as king. The salvation that He has prepared for His people would become complete then.

The Lord will descend from heaven. The dead in Christ will rise first. After that, we who are still alive and are left will be caught up together with them in the clouds to meet the Lord in the air. And so we will be with the Lord forever. Let us wait for the coming of the Lord by keeping ourselves holy.


Questions

1. What is the promise of Jesus?
2. What will happen when Jesus comes again?